സബ്സ്റ്റേഷന്റെ പണി ഇനിയും ആരംഭിച്ചിട്ടില്ല. ഈ സബ്സ്റ്റേഷനോടൊപ്പം പണിയാരംഭിച്ച നിരവധി സബ്സ്റ്റേഷനുകൾ. പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. ചെർപ്പുളശേരിയുടെ പരിസരപ്രദേശങ്ങളുടെ കാർഷിക-വ്യവസായരംഗത്തെ പുരോഗതിക്ക് ഈ സബ്സ്റ്റേഷൻ അത്യന്താപേക്ഷിതമാണ്. തൂതപ്പുഴയെ ആശ്രയിച്ചുള്ള ജലസേചന പദ്ധതികളുടേയും ശുദ്ധജലവിതരണ പദ്ധതികളുടേയും സുഗമമായ നടത്തിപ്പിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനും ഈ സബ്സ്റ്റേഷൻ പ്രാധാന്യം അർഹിക്കുന്നു. വൈദ്യുതി ലഭ്യമാക്കാൻവേണ്ടി 1516 അപേക്ഷകളാണ് ചെർപ്പുളശ്ശേരി സെക്ഷൻ ഓഫീസിൽ കെട്ടിക്കിടക്കുന്നത്. ഗാർഹികാവശ്യത്തിനായി 1288, കമേർഷ്യൽ 156, കാർഷികാവശ്യത്തിനായി 71, വ്യവസായത്തിനുവേണ്ടി 1. അതുകൊണ്ട് ഈ പ്രശ്നങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് ചെർപ്പുളശ്ശേരി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ചെർപ്പുളശ്ശേരിയും ചുറ്റുപാടുമുള്ള പ്രദേശങ്ങളും അഭിമുഖീകരിക്കുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതിനുകൂടി ഉദ്ദേശിച്ചുകൊണ്ടാണ് ചെർപ്പുളശ്ശേരി 110 കെ.വി. സബ്സ്റ്റേഷന് ബോർഡ് അനുവാദം നൽകിയിട്ടുള്ളത്. പക്ഷേ കുറെ നാളുകളായി അതിന്റെ നിർമ്മാണം മന്ദഗതിയിലായിരുന്നു. കാലതാമസം മാറ്റി ചെർപ്പുളശ്ശേരി 110 കെ.വി. സബ്സ്റ്റേഷന്റെ ചുറ്റുമതിൽ കെട്ടുന്ന ജോലി പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. കൺട്രോൾ റൂം നിർമ്മാണത്തിനുള്ള ടെന്ററുകളും ക്ഷണിച്ചിട്ടുണ്ട്. യാർഡ് നിരപ്പാക്കൽ ജോലിക്കുള്ള കരാർ കൊടുത്തുകഴിഞ്ഞു. സബ്സ്റ്റേഷനിലേക്കുള്ള 19.2. കിലോമീറ്റർ നീളമുള്ള 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ ഒറ്റപ്പാലം സബ്സ്റ്റേഷനിൽ നിന്നാണ് വലിക്കുന്നത്. ഈ ലൈനിന്റെ നിർമ്മാണത്തിനുള്ള കരാറും കൊടുത്തുകഴിഞ്ഞു. ലൈൻ റൂട്ടിലെ മരം മുറിക്കുന്നതിനുള്ള പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്. എത്രയുംവേഗം പണി പൂർത്തിയാക്കി ചെർപ്പുളശ്ശേരി 110 കെ.വി. സബ്സ്റ്റേഷൻ കമ്മിഷൻ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചുകൊണ്ട് നീങ്ങാൻ ബോർഡിന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) പറവൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. പി. രാജു : സർ, എന്റേയും ബഹുമാന്യനായ വൈദ്യുതി മന്ത്രി ശ്രീ. എസ്. ശർമ്മയുടേയും നിയോജകമണ്ഡലത്തിൽപ്പെട്ട പറവൂർ മേഖലയിലെ വോൾട്ടേജ് ക്ഷാമവും കൺസ്യൂമേഴ്സിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കാൻ നടപടി സ്വീകരിക്കണം. പറവൂർ മേജർ സെക്ഷന്റെ കീഴിൽ ഇപ്പോൾ 21706 കൺസ്യൂമേഴ്സുണ്ട്. അത് പറവൂർ വടക്കേക്കര നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന സെക്ഷനാണ്. ഏഴിക്കര പഞ്ചായത്ത്, പറവൂർ മുനിസിപ്പാലിറ്റി മുഴുവനും, കോട്ടുവള്ളി പഞ്ചായത്തിന്റെ പകുതിയിലേറെ, കരുമാനൂർ പഞ്ചായത്തിന്റെ 60 ശതമാനം, വടക്കേക്കര നിയോജകമണ്ഡലത്തിലെ ചിറ്റാറ്റിൻകര പഞ്ചായത്തിന്റെ പകുതി പ്രദേശം എന്നിവ ഉൾപ്പെടുന്നതാണ് പറവൂർ മേജർ സെക്ഷൻ. പതിനായിരം കൺസ്യൂമേഴ്സുണ്ടെങ്കിൽ പുതിയ സെക്ഷൻ വേണമെന്നാണ് നിർദ്ദേശം. പക്ഷേ ഇപ്പോൾ 21700 ആയി. ആയിരത്തിൽപ്പരം ആളുകൾ അപേക്ഷ നൽകി കണക്ഷൻ കിട്ടുന്നതിനുവേണ്ടി കാത്തുനിൽക്കുകയാണ്. അതുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനായി പറവൂർ മേജർ സെക്ഷൻ വിഭജിച്ച് ഏഴിക്കരയോ, ചെറിയപള്ളിയോ കേന്ദ്രീകരിച്ച് ഒരു പുതിയ സെക്ഷൻ ഓഫീസ് ഉണ്ടാകണം. അവിടെത്തന്നെ 67.79 കിലോമീറ്റർ 11 കെ.വി. ലൈനുണ്ട്. ത്രീഫെയ്സ് ലൈൻ 133 കിലോമീറ്ററുണ്ട്. സിങ്കിൾ ഫെയ്സ് ലൈൻ 188 കിലോമീറ്ററുണ്ട്. അതുപോലെതന്നെ 72 ട്രാൻസ്ഫോർമേഴ്സ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽപ്പോലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുകയാണ്. ഇതിന് പരിഹാരമുണ്ടാക്കുന്നതിന് മന്നത്ത് ഇപ്പോൾ സ്ഥിതിചെയ്യുന്ന 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുകയും ആലങ്ങാട്ടും കോട്ടുവള്ളിയിലും വടക്കേക്കരയിലും ഓരോ സബ്സ്റ്റേഷൻ സ്ഥാപിക്കുകയും ചെയ്താൽ മാത്രമേ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയൂ എന്നാണ് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥന്മാരിൽനിന്നും അറിയുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായ തീരുമാനമുണ്ടാകണമെന്നഭ്യർത്ഥിക്കുകയാണ്. കൺസ്യൂമേഴ്സിന്റെ എണ്ണം കൂടുതലായതുകൊണ്ട് അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാത്ത പറവൂർ മേജർ സെക്ഷനിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും വൈദ്യുതി ബോർഡിന്റെ അടിയന്തിര ശ്രദ്ധ പതിയണമെന്നും ഈ കാര്യങ്ങളിൽ തീരുമാനമുണ്ടാകണമെന്നും ഞാൻ ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയോടും കേരള സർക്കാരിനോടും അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഏഴിക്കര പഞ്ചായത്തിൽ ഉൾപ്പെടുന്ന മുഴുവൻ പ്രദേശവും പറവൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട കുറച്ച് പ്രദേശവും ചേർത്ത് ഒരു പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ട്. എന്നാൽ സർക്കാർ പ്രഖ്യാപിച്ച വൈദ്യുതിനയത്തിന്റെ ഭാഗമായിട്ടുള്ള വിവിധ ലാഭ കേന്ദ്രങ്ങൾ പൂർണ്ണമായി നിലവിൽ വരുന്ന മുറയ്ക്കു മാത്രമേ ഈ നിർദ്ദേശം പരിഗണിക്കാൻ കഴിയൂ എന്നാണ് അറിയിച്ചിട്ടുള്ളത്. പറവൂരും പരിസര പ്രദേശങ്ങളിലും അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി, ബഹുമാനപ്പെട്ട അംഗം ശ്രീ. രാജു ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ, നോർത്ത് പറവൂർ അതായത് മന്നം 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്നതിനും ആലങ്ങാട്, വരാപ്പുഴ, വടക്കേക്കര എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ബോർഡ് അനുമതി നൽകുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനമാരംഭിക്കുന്നതാണ്.

(6) സമഗ്ര പാർപ്പിട പദ്ധതി തടസ്സപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. വി.കെ. ചന്ദ്രൻ : സർ, സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ പാർപ്പിടപദ്ധതി, ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പാർപ്പിട പദ്ധതി ഹൗസിംഗ് ബോർഡ് നേരിട്ട് നടപ്പിലാക്കുന്ന മൈത്രീ ഭവന പദ്ധതി എന്നിവയ്ക്കെല്ലാം ആവശ്യമായ ഫണ്ട് അതാത് ഏജൻസികൾ ഹൗസിംഗ് ബോർഡിൽ അവരുടെ വിഹിതം കെട്ടിവച്ചിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഗുണഭോക്താക്കൾ വീട് വയ്ക്കുന്നതിനുവേണ്ടി അവർ താമസിച്ചിരുന്ന നിലവിലുള്ള ഓലയും വയ്ക്കോലും മേഞ്ഞ വീടുകൾ പൊളിച്ചുമാറ്റി അതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടും കൃത്യസമയത്ത് ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly